**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3955**

**31.01.2014-ലെ മറുപടിയ്ക്ക്**

## കിൻഫ്ര - ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ ജോസഫ് വാഴക്കൻ<br>ശ്രീ റ്റി.എൻ.പ്രതാപൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കിൻഫ്ര, ഭക്ഷ്യ സംസ്കരണമിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിലുള്ള കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധന, മികച്ച വില ലഭ്യമാക്കുക, ഉൽപ്പന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക കൂടാതെ ഉപഭോക്താവിന് ഭക്ഷ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്കു വേണ്ടി ലഭ്യമായത്; വിശദമാക്കുമോ; | (സി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75%വും സംസ്ഥാന വിഹിതം 25%വുമാണ്. ഈ പദ്ധതിപ്രകാരം National Mission on Food Processing നായി 2012-13-ൽ 3.54 കോടി രൂപയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.12 കോടി രൂപയും അനുവദിച്ചു. 2013-14-ൽ കേന്ദ്രവിഹിതമായി 4.14 കോടിരൂപ കേരളത്തിന് ലഭിച്ചു.<br>കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഭക്ഷ്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ താഴെ പറയുന്നവയാണ്:<br>1. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും/അവയുടെ ആധുനികവൽക്കരണത്തിനും, വികസനത്തിനും വേണ്ടിയുള്ള പദ്ധതി - സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 50 ലക്ഷം രൂപ |

2. Cold Chain സംവിധാനങ്ങൾ (for non horticultural products) സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 7 കോടി രൂപ
3. അറവുശാലകളുടെ ആധുനികവൽക്കരണം - പരമാവധി ഗ്രാന്റ് - 15 കോടിരൂപ
4. മാനവ വിഭവ ശേഷി വികസനത്തിനുള്ള പദ്ധതി - ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സാങ്കേതിക വിദ്യകളിൽ Degree/Diploma/ Certificate കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സംരംഭകന് ലഭിക്കുന്ന പരമാവധി ഗ്രാന്റ് - 100 ലക്ഷം രൂപ

   വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്ന പദ്ധതി (Entrepreneurship Development Programme) സംരംഭകന് ലഭിക്കുന്ന ഗ്രാന്റ് - 3 ലക്ഷം രൂപ
5. ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം: സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 15 ലക്ഷം രൂപ
6. ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹന ങ്ങൾക്കായുള്ള പദ്ധതി - സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 4 ലക്ഷം രൂപ
7. ഗ്രാമീണ മേഖലയിൽ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ/കളക്ഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ - പരമാവധി 2.5 കോടി രൂപ
8. Reefer വാനുകൾ - പരമാവധി - 50 ലക്ഷം രൂപ

| | | |
|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ഡി) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ദേശീയ ഭക്ഷ്യ സംസ്കരണമിഷന്റെ ചുവടുപിടിച്ച് സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം 2012-13 സാമ്പത്തികവർഷം ഭക്ഷ്യ സംസ്കരണ മേഖലയുടെ വിവിധ പദ്ധതികൾക്കായി നോഡൽ ഏജൻസിയായ കിൻഫ്രവഴി 271.52 ലക്ഷം രൂപ വിവിധ വ്യവസായ സംരംഭകർക്ക് നൽകിയിട്ടുണ്ട്. ഇവകൂടാതെ 2013-14 സാമ്പത്തികവർഷം സംസ്ഥാന ഭക്ഷ്യസംസ്കരണ മിഷൻ നാളിതുവരെ വിവിധ പദ്ധതികൾക്കായി 220 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ